(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുള്ളത്;

(സി) മാള നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ, ചാലക്കുടി, നെല്ലായി, കുന്ദംകുളം, ചാവക്കാട്, അയ്യന്തോൾ, ഒല്ലൂക്കര, കുട്ടനല്ലൂർ, കോടാലി, തൃപ്രയാർ, ഇരിങ്ങാലക്കുട എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(സി) മാള സബ് രജിസ്ട്രാർ ഓഫീസ് ഈ സാമ്പത്തിക വർഷം കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേരി, അരീക്കോട് സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

128 [851] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്ന സർക്കാർ നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളാണ് ഇതിനായി സർക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) മഞ്ചേരി, അരീക്കോട് സബ് രജിസ്ട്രാർ ഓഫീസുകൾ ഇതിലുൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന് പൂർത്തിയാക്കാനാകും?

ഉത്തരം

(എ) സംസ്ഥാനത്ത് 308 സബ് രജിസ്ട്രാർ ആഫീസുകളിൽ ആദ്യഘട്ടത്തിൽ 114 സബ് രജിസ്ട്രാർ ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 103 സബ് രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 55 ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലപ്പുറം ജില്ലയിൽ മലപ്പുറം, തിരൂർ, കോട്ടക്കൽ, കല്പകഞ്ചേരി, കുറ്റിപ്പുറം, പെരിന്തൽമണ്ണ എന്നീ സബ് രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. ഈ സാമ്പത്തികവർഷം മക്കരപറമ്പ്, എടപ്പാൾ, കൊണ്ടോട്ടി, അരീക്കോട്, എടക്കര എന്നീ സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മഞ്ചേരി, അരീക്കോട് സബ് രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

സഡക് യോജന

129 [852] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന അനുസരിച്ച് എത്ര റോഡുകളുടെ നിർമ്മാണമാണ് സംസ്ഥാനത്ത് ഇതിനകം ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ ജില്ലാ, ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഇതിനകം എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക ഇതിനകം ചെലവഴിച്ചു;

(എഫ്) ഇനി എന്ത് തുക ചെലവഴിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന അനുസരിച്ച് സംസ്ഥാനത്ത് 2000-2001 വർഷം 33 റോഡുകളുടെയും 2001-2002 വർഷം 184 റോഡുകളുടെയും നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly